അടുത്തിടപഴകുന്ന പൗരന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ പ്രസ്ഥാനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ ജില്ലകളിലെ, അപകട നിരക്ക് കൂടിയ 41 പ്രധാന ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് ഇത്തരത്തിൽ മോഡൽ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഹൈവേയോടടുത്തുള്ള സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികളിലും പൊതുജനങ്ങളിലും ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിനായി നാടകം, ക്വിസ് മത്സരം, ഫോട്ടോ പ്രദർശനം എന്നിവ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചുവരുന്നു. കുട്ടികളിൽ ശരിയായ റോഡ് സംസ്കാരം വളർത്തുന്നതിനായി 'പപ്പു ഉറങ്ങുകയല്ല' എന്ന കൈപ്പുസ്തകം തയ്യാറാക്കി സ്കൂൾ ലൈബ്രറികളിൽ വിതരണം ചെയ്തു. റോഡ് സുരക്ഷാ സന്ദേശം ഉൾപ്പെടുന്ന വിവിധ ബോധവൽക്കരണ പരിപാടികൾ ആകാശവാണി, എഫ്. എം. റേഡിയോ എന്നിവ വഴി സംപ്രേഷണം ചെയ്തുവരുന്നുണ്ട്.

(ബി) സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. അമിത വേഗത നിയന്ത്രിക്കുവാനുള്ള സ്പീഡ് റഡാറുകളും, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകളും വാങ്ങുന്നതിനായി പോലീസ്, മോട്ടോർ വാഹന വകുപ്പുകൾക്ക് റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

റോഡ് സുരക്ഷാ അതോറിറ്റി

236 (4025) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് സുരക്ഷാ അതോറിറ്റി എന്നാണ് നിലവിൽ വന്നത് ;

(ബി) കഴിഞ്ഞ മൂന്നുവർഷങ്ങളിൽ റോഡ് സുരക്ഷാ അതോറിറ്റി വഴിയുള്ള പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 19-4-2010-ൽ.

(ബി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വകുപ്പുകൾക്ക് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിനായി താഴെപ്പറയുന്ന ക്രമത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ്

1. 120 സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് - 610 ലക്ഷം
2. കൊല്ലം-കോവളം റോഡിന്റെ നവീകരണത്തിന് - 227 ലക്ഷം

837 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പ്

1. പോലീസ് ഡിപ്പാർട്ടുമെന്റ് നൽകുന്ന ആംബുലൻസുകൾ സജ്ജീകരിക്കുന്നതിന് - 130 ലക്ഷം

2. കുറ്റിപ്പുറം, വടകര, പയ്യന്നൂർ, കായംകുളം, പത്തനംതിട്ട എന്നീ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലുകളിൽ ട്രോമകെയർ സംവിധാനങ്ങൾ ചെയ്യുന്നതിന് - 370 ലക്ഷം

500 ലക്ഷം

മോട്ടോർ വാഹന വകുപ്പ്

1. എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് - 206 ലക്ഷം

2. സ്പീഡ് ക്യാമറകൾ സ്ഥാപിക്കുന്നതിന് - 154 ലക്ഷം

360 ലക്ഷം

പോലീസ് വകുപ്പ്

1. 30 സ്പീഡ് ഡിറ്റക്ഷൻ ക്യാമറ - 100 ലക്ഷം

2. 20 സ്പീഡ് റഡാർ - 200 ലക്ഷം

3. 50 ആൽക്കോമീറ്റർ - 30 ലക്ഷം

4. റിഫ്ളക്ടീവ് ബാറ്റൺ, ജാക്കറ്റ്, സേർച്ച് ലൈറ്റ് തുടങ്ങിയവ - 25 ലക്ഷം

355 ലക്ഷം

നാറ്റ് പാക്ക്

1. ആലപ്പുഴ-മധുര, അമ്പലപ്പുഴ-തിരുവല്ല, അർത്തുംഗൽ-ചെല്ലാനംഎന്നീ റോഡുകളിൽ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തുന്നതിനായി - 7.6 ലക്ഷം

ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ

കൗൺസിലുകൾക്ക് വാർഷിക ധനസഹായം (3 ലക്ഷം രൂപ വീതം) - 42 ലക്ഷം

2008-ലെ റോഡ് സുരക്ഷാ വാരാചരണത്തിന് വിവിധ വകുപ്പുകൾക്ക് അനുവദിച്ചത് - 33 ലക്ഷം

കെ. എസ്. ആർ. ടി. സി.

ബസ്സുകളിൽ സ്റ്റിക്കർ പതിപ്പിക്കുന്നതിന് അനുവദിച്ചത് - 0.748 ലക്ഷം

ഡി. ജി. പി. ക്ക് ആൽക്കോമീറ്റർ വാങ്ങുന്നതിന് - 5 ലക്ഷം

ആകെ - 2140.348 ലക്ഷം

അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

റോഡ് സേഫ്ടി അതോറിറ്റിയുടെ പ്രവർത്തനം

237 (4026) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് മുതലാണ് പ്രവർത്തിച്ച് തുടങ്ങിയതെന്നും, ഇതിലെ അംഗങ്ങൾ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

രൂപീകരിച്ചിട്ടുണ്ട്. 2007 ഡിസംബർ മുതലാണ് പ്രവർത്തനം തുടങ്ങിയത്. 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിൻ പ്രകാരം അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങളാണ് ഉള്ളത്.

1. ഗതാഗത വകുപ്പുമന്ത്രി, അദ്ദേഹം അതോറിറ്റിയുടെ ചെയർമാനായിരിക്കുന്നതാണ്;

2. പൊതുമരാമത്ത് വകുപ്പുമന്ത്രി, അദ്ദേഹം അതോറിറ്റിയുടെ വൈസ് ചെയർമാനായിരിക്കുന്നതാണ് ;

3. ചീഫ് സെക്രട്ടറി ;

4. ഗതാഗതവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

5. നിയമവകുപ്പ് സെക്രട്ടറി ;

6. ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

7. ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

8. പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

9. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

10. പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

11. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

LIBRARY ARCHIVES Kerala Legislative Assembly